ഹരിതകേരളം മിഷൻ
കേരള സർക്കാർ

ഡോ. ടി. എൻ. സീമ (മുൻ എം. പി.)
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

26.07.2017

## പ്രസിദ്ധീകരണത്തിന്

### 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ബ്ലോക്ക് നഗരസഭാതല പരിശീലനം തുടങ്ങി.

സംസ്ഥാന ഹരിതകേരളം മിഷന്റെ സമഗ്രശുചിത്വ മാലിന്യസംസ്കരണ യജ്ഞത്തിന്റെ ഭാഗമായി ആഗസ്റ്റ് 15ന് തുടങ്ങുന്ന 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയുടെ മുന്നോടിയായി സംഘടിപ്പിച്ചിട്ടുള്ള ബ്ലോക്ക് - നഗരസഭാതല പരിശീലന പരിപാടികൾ വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ചു. ജില്ലാതല പരിശീലന പരിപാടികൾ പൂർത്തിയായതിനെ തുടർന്നാണ് അടുത്തഘട്ടം പരിശീലനം ആരംഭിച്ചത്. തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ പരിശീലന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്.

ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും 12 റിസോഴ്സ് പേഴ്സണ്മാരും 3 ഉദ്യോഗസ്ഥരുമാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. മുനിസിപ്പാലിറ്റികളിൽ രണ്ടു പരിശീലനപരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. 18 മുതല് 20 വാർഡുകൾക്ക് ഒരു പരിശീലനം. ഓരോ വാർഡിൽ നിന്നും മൂന്ന് റിസോഴ്സ് പേഴ്സണ്മാരും രണ്ട് ഉദ്യോഗസ്ഥരുമാണ് പങ്കെടുക്കുന്നത്. നഗരസഭാ പരിശീലന പരിപാടിയിൽ ശരാശരി 20 വാർഡുകൾക്ക് ഒരു പരിശീലനം വീതം സംഘടിപ്പിക്കുന്നുണ്ട്. ഓരോ വാർഡിൽ നിന്നും 5 വീതം റിസോഴ്സ് പേഴ്സണ്മാരും ഉദ്യോഗസ്ഥരും പങ്കെടുക്കും. ഏതാണ്ട് 34000 പേർക്ക് ഇപ്പോൾ നടക്കുന്ന ബ്ലോക്ക് - നഗരസഭാതല പരിപാടിയിൽ പരിശീലനം ലഭ്യമാക്കും.

ആഗസ്റ്റ് 6 മുതൽ 13 വരെ വോളണ്ടിയർമാർ നടത്തുന്ന ഗൃഹതല സന്ദർശന പരിപാടിക്കു വേണ്ട മുന്നൊരുക്കമാണ് പരിശീലനത്തിൽ പ്രധാന പ്രതിപാദ്യവിഷയം. കിലയുടെ നേതൃത്ത്വത്തിലാണ് പരിശീലനം നടക്കുന്നത്. ഓരോ വീട്ടിലുമുണ്ടാകുന്ന മാലിന്യങ്ങൾ ഏതു വിധേനയാണ് സംസ്കരിക്കുന്നതെന്ന് മനസ്സിലാക്കുന്നതിനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ഏത് സംവിധാനമാണ് ഓരോ വീടിനും അനുയോജ്യമെന്ന് കണ്ടെത്തുന്നതിനും വീട്ടുകാർക്ക് ഇക്കാര്യത്തിൽ വേണ്ട ഉപദേശങ്ങൾ നല്കുന്നതിനുമാണ് വോളണ്ടിയർമാരെ സജ്ജമാക്കുന്നത്. തദ്ദേശസ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ഓരോ വാർഡിലെയും 50 വീടുകൾക്ക് രണ്ട് പേരെ വീതം വോളണ്ടിയർമാരായി ചുമതലപ്പെടുത്തും.

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ മന്ത്രിമാർ ദേശീയപതാക ഉയർത്തുന്ന ചടങ്ങിനുശേഷം 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനം നടത്തി യജ്ഞം ആരംഭിക്കും. ഈ യജ്ഞം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 15 നും 16 നും ജനപ്രതിനിധികൾ ഉൾപ്പെടുന്ന സംഘം ഭവനസന്ദർശനവും ബോധവല്ക്കരണ പ്രവർത്തനങ്ങളും നടത്തും.

ഡോ. ടി.എൻ. സീമ

റ്റി.സി. 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം-695 004
ഫോൺ-ഓഫീസ് : 0471-2449939 മൊബൈൽ : 9447077556
e-mail : tnseema@gmail.com, haritham@kerala.gov.in Website : www.haritham.kerala.gov.in